ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE:16.06.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. മൂന്നാം മോദി സർക്കാർ അധികാരമേറ്റശേഷമുള്ള 'മൻ കി ബാത്തിൻറെ ആദ്യ പതിപ്പ് ഈ മാസം 30-ന്; പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കും.

   **The first edition of 'Mann Ki Baat' after the third Modi government came to power on 30th of this month; Prime Minister Narendra Modi will share ideas with the people of the country.**

2. ജമ്മുകശ്മീരിലെ സുരക്ഷാ സ്ഥിതി വിലയിരുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.

   **Union Home Minister Amit Shah is chairing a High Level meeting in New Delhi to review security situation in Jammu and Kashmir.**

3. പാർലമെൻറ് വളപ്പിലെ 'പ്രേർണാ സ്ഥൽ' ഇന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ രാജ്യത്തിന് സമർപ്പിക്കും.

   **Vice President Jagdeep Dhankar will inaugurate the 'Prerna Sthal' in the Parliament premises today.**

4. തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഇന്നും നേരിയ ഭൂചലനം; ആശങ്കവേണ്ടെന്ന് മന്ത്രി കെ രാജൻ.

   **Slight earthquake in Thrissur and Palakkad districts today; Minister K Rajan said not to worry.**

ട്വൻറി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് രാത്രി നടക്കുന്ന മത്സരത്തിൽ പാകിസ്ഥാൻ - അയർലൻറിനെ നേരിടും.

**Pakistan will face Ireland in the Twenty20 World Cup cricket match tonight.**

**&&&&&&&&&&&&&**

## HEADLINE 1

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കി ബാത്ത്' ഈ മാസം 30-ന് കേൾക്കാം. തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയായി നരേന്ദ്ര മോദി അധികാരമേറ്റ ശേഷം പ്രക്ഷേപണം ചെയ്യുന്ന ആദ്യ പതിപ്പായിരിക്കും ഇത്. പരിപാടിയുടെ 111-ാാം എപ്പിസോഡിലേക്ക് 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ നരേന്ദ്ര മോദി ആപ്പ് വഴിയോ MyGov ഓപ്പൺ ഫോറം വഴിയോ ഈ മാസം 28 വരെ ജനങ്ങൾക്ക് ആശയങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാം. ആകാശവാണിയുടെയും ദൂരദർശൻ്റെയും മുഴുവൻ നിലയങ്ങളിലൂടെയും AIR ന്യൂസ് വെബ്സൈറ്റ് വഴിയും ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും മൻ കി ബാത് പരിപാടി ലഭ്യമാകും.

**&&&&&&&&&&&&&**

## AGRI-SHIVRAJ

പി എം കിസാൻ സമ്മാൻനിധി പദ്ധതി പ്രകാരം പ്രധാനമന്ത്രി നരേന്ദ്രമോദി 20,000 കോടി രൂപയോളം ചൊവ്വാഴ്ച കർഷകരുടെ അക്കൗണ്ടിലേക്ക് കൈമാറും. 9 കോടി 3 ലക്ഷം കർഷകരുടെ അക്കൗണ്ടിലേക്കാണ് പണം നൽകുന്നത്. വാരാണാസിയിലാണ് പരിപാടി

സംഘടിപ്പിക്കുന്നതെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. കഴിഞ്ഞ 10 വർഷങ്ങൾക്കുള്ളിൽ 11 കോടി കർഷകരുടെ അക്കൗണ്ടുകളിലേക്ക് മൂന്ന് ലക്ഷം കോടി രൂപ കൈമാറിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ചൊവ്വാഴ്ച നടക്കുന്ന പരിപാടിയിൽ പങ്കെടുക്കണമെന്ന് ആവശ്യപ്പെട്ട് എല്ലാ മുഖ്യമന്ത്രിമാർക്കും കത്തയച്ചെന്നും ശ്രീ ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു.

&&&&&&&&&&&&&&

## HEADLINE 2

## HM - HIGH LEVEL MEETING

ജമ്മുകശ്മീരിലെ സുരക്ഷാ സ്ഥിതി വിലയിരുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. അമർനാഥ് യാത്രയുടെ തയ്യാറെടുപ്പുകളും യോഗം അവലോകനം ചെയ്യും. ജമ്മുകശ്മീർ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, കേന്ദ്ര ആഭ്യന്തര സെക്രട്ടറി, കരസേന പൊലീസ്, ജമ്മുകശ്മീർ ഭരണകൂടത്തിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ആഭ്യന്തര മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി ജമ്മുകശ്മീരിലെ സുരക്ഷാസ്ഥിതി വെള്ളിയാഴ്ച ന്യൂഡൽഹിയിൽ ശ്രീ അമിത് ഷാ വിലയിരിത്തിയിരുന്നു.

&&&&&&&&&&&&&&

## HEADLINE 3

## VP - PRERNA STHAL

പാർലമെൻറ് വളപ്പിൽ സ്വാതന്ത്ര്യസമര സേനാനികളുടെയും ഉന്നത നേതാക്കളുടെയും പ്രതിമകൾ ഒരുസ്ഥലത്ത് തന്നെ കണ്ട് ആദരമർപ്പിക്കാൻ

സന്ദർശകർക്ക് അവസരം ഒരുക്കുന്ന 'പ്രേർണസ്ഥൽ' ഇന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ ഉദ്ഘാടനം ചെയ്യും. ലോക്സഭാ സ്പീക്കർ ഓം ബിർള, രാജ്യസഭ ഉപാധ്യക്ഷൻ ഹരിവംശ് നാരായൺ സിംഗ്, പാർലമെൻററി കാര്യമന്ത്രി കിരൺ റിജിജു എന്നിവർ ചടങ്ങിൽ പങ്കെടുക്കും. എല്ലാ പാർലമെൻറ് അംഗങ്ങളെയും ചടങ്ങിലേക്ക് ക്ഷണിച്ചിട്ടുണ്ട്. സന്ദർശകർക്ക് ഉന്നത നേതാക്കളുടെ ജീവചരിത്രവും സന്ദേശവും നവസാങ്കേതിക വിദ്യയിലൂടെ ലഭ്യമാക്കാൻ കർമ്മ പദ്ധതി തയാറാക്കിയിട്ടുണ്ട്.

&&&&&&&&&&&&&

## PM-YOGA VIDEO

അന്താരാഷ്ട്ര യോഗാദിനത്തിൻറെ ഭാഗമായി സമൂഹമാധ്യമത്തിൽ പാദ-ഹസ്താസനത്തിൻറെ പ്രയോജനങ്ങൾ ഇംഗ്ലീഷിലും ഹിന്ദിയിലും വിവരിക്കുന്ന വീഡിയോ പോസ്റ്റ് ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇത് ഏവരും പരിശീലിക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

&&&&&&&&&&&&&

## NITIN GADKARI

ജമ്മുകശ്മീരിലെ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുടെ അധ്യക്ഷതയിൽ നാളെ ഉന്നതതല യോഗം ചേരും. ഇ മാസം 29-നാരംഭിച്ച്, ഓഗസ്റ്റ് 19 ന് അവസാനിക്കുന്ന അമർനാഥ് തീർത്ഥാടനം സുഗമമാക്കുന്നതിന് റോഡ് സൗകര്യം, ജമ്മു-ശ്രീനഗർ ഹൈവേ എന്നിവ ചർച്ചാവിഷയമാകും. ലഡാക്കിൽ സോജിലാ തുരങ്കം പോലെ നയതന്ത്രപ്രാധാന്യമുള്ള വികസന പദ്ധതികളാണ് നിർമാണത്തിലിരിക്കുന്നത്. ബാൽടാൽ , പഹൽഗാം ബെയ്സ് ക്യാമ്പ് മുതൽ

അമർനാത്തിലേക്കുള്ള ഹൈവേ നിർമാണ പദ്ധതി കേന്ദ്രസർക്കാരിന്റെ പ്രഥമ പരിഗണനയിലുള്ളതാണ്. ജമ്മുകശ്മീരിൽ നടന്നുവരുന്ന ഒരു ലക്ഷം കോടിയിലേറെ രൂപയുടെ വികസനപദ്ധതികളും അവലോകനം ചെയ്യും.

**&&&&&&&&&&&&&&**

**VANDE BHARAT SLEEPER CLASS**

വന്ദേ ഭാരത് സ്ലീപ്പർ ക്ലാസ് ട്രെയിനിൻ്റെ ട്രയൽ റൺ അടുത്ത രണ്ട് മാസത്തിനുള്ളിൽ ആരംഭിക്കും. നിലവിൽ ചെയർകാറുകൾ മാത്രമുള്ള വന്ദേ ഭാരത് എക്സ്പ്രസാണ് റെയിൽവേ ഓടിക്കുന്നത്. വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ സർവീസിനായി ജനങ്ങളിൽ നിന്ന് ആവശ്യം ഉയരുന്നതായി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ പറഞ്ഞു. ഇന്ത്യയുടെ ആദ്യ തദ്ദേശീയ സെമി ഹൈ സ്പീഡ് ട്രെയിനാണ് വന്ദേ ഭാരത് ട്രെയിൻ. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ അടിസ്ഥാന സൗകര്യ വികസനത്തിലും യാത്രക്കാർക്ക് സുഖപ്രദമായ യാത്ര ലഭ്യമാക്കുന്നതിലും റെയിൽവേ ശ്രദ്ധ കേന്ദ്രീകരിക്കും. താഴ്ന്ന വരുമാനക്കാർക്ക് സുഖകരമായ യാത്ര ഒരുക്കുന്നതിലും സർക്കാർ പ്രതിജ്ഞാ ബദ്ധമാണ്. കഴിഞ്ഞ പത്തുവർഷത്തിനിടെ 35,000 കിലോമീറ്റർ റെയിൽപാതകൾ നിർമിച്ചു. അമൃത് ഭാരത് ട്രെയിനുകളുടെ നിർമാണം വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും ശ്രീ. അശ്വനി വൈഷ്ണവ് പറഞ്ഞു.

**&&&&&&&&&&&&&&**

**HEADLINE 4**

**EARTHQUAKE**

പാലക്കാടും തൃശൂരും ഇന്ന് പുലർച്ചെ വീണ്ടും നേരിയ ഭൂചലനം. പാലക്കാട് ജില്ലയിലെ തൃത്താല, തിരുമറ്റിക്കോട് മേഖലകളിലാണ് ഇന്ന് പുലർച്ചെ 3.55 ഓടെയാണ് വീണ്ടും ഭൂചലനം അനുഭവപ്പെട്ടതെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. റിക്ടർ സ്കെയിലിൽ 2.9 തീവ്രതയാണ് രേഖപ്പെടുത്തിയത്. ആളപായമോ, നാശനഷ്ടമോ റിപ്പോർട്ട് ചെയ്തിട്ടില്ല. ഇന്നലെ രാവിലെയും ഈ മേഖലകളിൽ ഭൂചലനം അനുഭവപ്പെട്ടിരുന്നു. അതേസമയം, നേരിയ ഭൂചലനമാണ് ഉണ്ടായതെന്നും ആശങ്ക വേണ്ടെന്നും റവന്യൂ മന്ത്രി കെ രാജൻ അറിയിച്ചു.

&&&&&&&&&&&&&

**SURESHGOPI**

തൃശ്ശൂരിലെ എം.പിയായി ഒതുങ്ങില്ലെന്നും കേരളത്തിൻ്റെ എംപിയായിട്ടായിരിക്കും പ്രവർത്തനമെന്നും കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി. തമിഴ്നാടിനും ശ്രദ്ധ നൽകുമെന്നും അദ്ദേഹം പറഞ്ഞു. തൃശ്ശൂരിൽ ഉണ്ടായത് ഒന്നരവർഷം നടത്തിയ കഠിനാധ്വാനത്തിൻ്റെ ഫലമാണ്. കോൺഗ്രസ് നേതാക്കളായ ഇന്ദിരാഗാന്ധിയെയും കരുണാകരനെക്കുറിച്ചും താൻ നടത്തിയ പരാമർശങ്ങൾ തെറ്റായി പ്രചരിപ്പിച്ചെന്നും ശ്രീ സുരേഷ് ഗോപി പറഞ്ഞു. തിരുവനന്തപുരത്ത് ബിജെപി ജില്ലാ കമ്മിറ്റി ഓഫീസിൽ നൽകിയ സ്വീകരണത്തിനിടെ പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&

**BAKRID**

ത്യാഗത്തിൻറെയും ആത്മ സമർപ്പണത്തിൻറെയും പാവനസ്മരണകളുമായി കേരളത്തിൽ നാളെ ബലി പെരുന്നാൾ. പ്രവാചകൻ ഇബ്രാഹിം നബിയുടെ ത്യാഗത്തിൻറെ ഓർമ്മ പുതുക്കുകയാണ് ഓരോ ബലി പെരുന്നാളും. ബലിപെരുന്നാളിനോടനുബന്ധിച്ച്

കേരളത്തിലെ പള്ളികളിൽ നാളെ പ്രത്യേക പ്രാർത്ഥനകൾ നടക്കും. ഒമാൻ ഒഴികെയുള്ള ഗൾഫ് രാജ്യങ്ങളിൽ ഇന്നാണ് ബലി പെരുന്നാൾ.

&&&&&&&&&&&&&&&

**IMD- WEATHER-intro**

ഉത്തരേന്ത്യയിലെ വിവിധ ഭാഗങ്ങളിൽ കടുത്ത ചൂട് തുടരുന്നു. ഉഷ്ണതരംഗ സാഹചര്യങ്ങളെ തുടർന്ന് രാജ്യത്തിൻറെ വടക്ക്-പടിഞ്ഞാറ്, മധ്യ- കിഴക്കൻ മേഖലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഓറഞ്ച്, മഞ്ഞ ജാഗ്രത നിർദ്ദേശങ്ങൾ നൽകി.

വിശദാംശങ്ങളിലേയ്ക്ക്....

(വോയിസ്)

&&&&&&&&&&&&&&&

**IMD -WEATHER- VOICE**

ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഡൽഹി, ബിഹാർ, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളുടെ ചില ഭാഗങ്ങളിൽ അടുത്ത 2 ദിവസത്തേക്ക് കഠിനമായ ചൂട് നിലനിൽക്കുമെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഹിമാചൽ പ്രദേശ്, രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഉത്തരാഖണ്ഡ് എന്നി സംസ്ഥാനങ്ങളിലും ഈ മാസം 18 വരെ സമാനമായ അവസ്ഥ തുടരും. അതേസമയം, അടുത്ത 6 ദിവസങ്ങളിൽ വടക്കു-കിഴക്കൻ ഇന്ത്യയിലും പശ്ചിമ ബംഗാളിലും കനത്ത മഴ ലഭിക്കുമെന്നും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. കർണാടക, കേരളം, ലക്ഷദ്വീപ്, ആന്ധ്രാപ്രദേശ്, തെലങ്കാന, തമിഴ്നാട്, പുതുച്ചേരി, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിൽ അടുത്ത 5

ദിവസങ്ങളിൽ കാറ്റ്, ഇടിമിന്നൽ എന്നിവയോടുകൂടിയ മഴ ലഭിക്കുമെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&

## HEADLINE 5

## T-20 CRICKET

ട്വൻറി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് രാവിലെ നടന്ന മത്സരത്തിൽ ഓസ്ട്രേലിയ 5 വിക്കറ്റിന് സ്കോട്ലൻഡിനെ പരാജയപ്പെടുത്തി. ആദ്യം ബാറ്റ് ചെയ്ത സ്കോട്ലൻഡ് നിശ്ചിത ഓവറിൽ 5 വിക്കറ്റിന് 180 റൺസ് എടുത്തു. മറുപടി ബാറ്റിങ്ങിൽ ഓസ്ട്രേലിയ 19.4 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു. രാത്രി 8 മണിക്ക് നടക്കുന്ന മത്സരത്തിൽ പാകിസ്ഥാൻ അയർലൻഡിനെ നേരിടും. അതിനിടെ വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. ബംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ ഇന്ന് 1.30നാണ് മത്സരം.

&&&&&&&&&&&&&

## GOVT. THREE LAWS

ക്രിമിനൽ നിയമസംവിധാനത്തെ കുറിച്ച് അറിവ് പകരാൻ കേന്ദ്രസർക്കാർ കൊൽക്കത്തയിൽ ഇന്ന് സമ്മേളനം സംഘടിപ്പിക്കും. പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങളായ ഭാരതീയ ന്യായ് സംഹിത 2023, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം 2023 എന്നിവയുടെ സവിശേഷതകൾ വ്യക്തമാക്കുകായണ് ലക്ഷ്യം. കഴിഞ്ഞ ഡിസംബറിലാണ് രാഷ്ട്രപതി മൂന്ന് നിയമങ്ങൾക്കും അംഗീകാരം നൽകിയത്. ജൂലൈ ഒന്ന് മുതൽ ഇവ പ്രാബല്യത്തിൽ വരും.

&&&&&&&&&&&&&

## TACTICAL PAUSE IN GAZA

തെക്കൻ ഗാസ മുനമ്പിലെ സംഘർഷത്തിൽ "തന്ത്രപരമായ താൽക്കാലിക വിരാമം" പ്രഖ്യാപിച്ച് ഇസ്രായേൽ സൈന്യം. വർദ്ധിച്ച അളവിലുള്ള മാനുഷിക സഹായങ്ങൾ വിതരണം ചെയ്യാൻ, മേഖലയിൽ രാവിലെ 8 മണി മുതൽ വൈകുന്നേരം 7 വരെ സൈനിക നീക്കങ്ങൾ ഉണ്ടാകില്ലെന്ന് ഇസ്രായേൽ അറിയിച്ചു. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ ഈ സംവിധാനം തുടരുമെന്നും ഇസ്രായേൽ വ്യക്തമാക്കി.

&&&&&&&&&&&&&

**FATHERS DAY**

ഇന്ന് പിതൃദിനം. ജൂൺ മാസത്തിലെ മൂന്നാം ഞായറാഴ്ചയാണ് ലോകമെമ്പാടും പിതൃദിനമായി ആഘോഷിക്കുന്നത്. നമ്മുടെ ജീവിതത്തിൽ അച്ഛനുള്ള സ്വാധീനം ഓർത്തെടുക്കാനും അതിനെ ആദരിക്കാനുമുള്ള അവസരമാണ് ഓരോ ഫാദേഴ്സ് ഡേയും നൽകുന്നത്. 1910 ൽ അമേരിക്കയിലെ വാഷിങ്ടണിലാണ് 'ഫാദേഴ്സ് ഡേ' ആദ്യമായി ആഘോഷിച്ചത്.

&&&&&&&&&&&&&
&&&&&&&&&
&&&